ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ളതും ഉണ്ടാകാൻ ഇടയുള്ളതുമായ ഒഴിവുകൾ അതാതു മാസം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ നിയമനാധികാരികൾക്കും വകുപ്പു മേധാവികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) ബാധകമല്ല.

പാലക്കാട് ജില്ലയിലെ ഒഴിവുകൾ

38(5620) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 6 മാസത്തിനിടയിൽ പാലക്കാട് ജില്ലയിലെ വിവിധ വകുപ്പുകളിൽ നിന്നും പി.എസ്.സി.-ക്ക് എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ;

(ബി) ഇതിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് ;

(സി) ബന്ധപ്പെട്ട വകുപ്പ് മേധാവികൾ ഒഴിവുകൾ കൃത്യസമയത്ത് റിപ്പോർട്ട് ചെയ്യാറില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത്തരം ഓഫീസർമാർക്കെതിരെ നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1-1-2015 മുതൽ 30-6-2015 വരെ ആകെ 743 ഒഴിവുകൾ പാലക്കാട് ജില്ലയിൽ വിവിധ വകുപ്പുകളിൽനിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഇതിൽ 665 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി&ഡി) ഇത്തരം ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ളതും ഉണ്ടാകാൻ ഇടയുള്ളതുമായ ഒഴിവുകൾ അതാതു മാസം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ നിയമനാധികാരികൾക്കും വകുപ്പുമേധാവികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

സർവ്വീസിൽനിന്ന് വിരമിച്ചവരുടെ വിവരം സംബന്ധിച്ച്

39(5622) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എത്ര സർക്കാർ ജീവനക്കാരും അദ്ധ്യാപകരുമാണ് ഇപ്പോൾ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടവരായി സർവ്വീസിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവരുടെ പെൻഷൻ പ്രായം എത്രയാണ് ; പുതിയ പെൻഷൻ പദ്ധതി എൻ.പി.എസ്.-ൽ എത്ര ജീവനക്കാർ അംഗങ്ങളായിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്പാർക്കിൽ നിന്നുള്ള വിവരമനുസരിച്ച് മേയ് 2015 വരെ 458115 ജീവനക്കാരാണ് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

(ബി) സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിലുൾപ്പെട്ടവരുടെ പെൻഷൻ പ്രായം 56 ആണ്. പുതിയ പെൻഷൻ പദ്ധതി(എൻ.പി.എസ്.)-യിൽ മേയ് 2015 വരെ 22811 പേർ അംഗങ്ങളായിട്ടുണ്ട്.

കാഴ്ചവൈകല്യമുള്ളവരുടെ നിയമനം

40(T*5623) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭിന്നശേഷിയുള്ളവർക്കുള്ള ഉദ്യോഗ സംവരണത്തിൽ കാഴ്ചവൈകല്യമുള്ളവർക്കായി നീക്കിവച്ച ഒഴിവുകളിലേക്ക് നിയമനം ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) ഉദ്യോഗത്തിൽ പ്രവേശിച്ച ശേഷം കാഴ്ചശേഷി പൂർണ്ണമായോ ഭാഗികമായോ നഷ്ടപ്പെട്ടവർക്ക് അതേ വകുപ്പിൽ സൗകര്യപ്രദമായ തസ്തികയിലേക്ക് മാറ്റം നൽകുന്നതിന് എന്തെങ്കിലും വ്യവസ്ഥ നിലവിലുണ്ടോ ;

(സി) 1995-ലെ പേഴ്സൺ വിത്ത് ഡിസെബിലിറ്റീസ് ആക്ടിലെ സെക്ഷൻ 47-ന്റെ ആനുകൂല്യം ഉദ്യോഗാർത്ഥികൾക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) 1995-ലെ പേഴ്സൺ വിത്ത് ഡിസെബിലിറ്റീസ് ആക്ടിലെ സെക്ഷൻ 47 പ്രകാരം ഉദ്യോഗത്തിൽ പ്രവേശിച്ച ശേഷം കാഴ്ചശേഷി പൂർണ്ണമായോ ഭാഗികമായോ നഷ്ടപ്പെട്ടവർക്ക് അതേ വകുപ്പിൽ സൗകര്യപ്രദമായ തസ്തികയിലേക്ക് മാറ്റം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) അർഹതയുടെ അടിസ്ഥാനത്തിൽ 1995-ലെ പേഴ്സൺ വിത്ത് ഡിസെബിലിറ്റീസ് ആക്ടിലെ സെക്ഷൻ 47-ന്റെ ആനുകൂല്യം ഉദ്യോഗസ്ഥർക്ക് അനുവദിച്ചു വരുന്നുണ്ട്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly